<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1539 — 05/02/2019 -ൽ മറുപടിയ്ക്ക്

# കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കീടനാശിനികളുടെ അമിതോപയോഗവും അനാവശ്യോപയോഗവും നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br><br>(ബി) നിരോധിക്കപ്പെട്ട കീടനാശിനികൾ പല രൂപത്തിലും പല പേരുകളിലും വ്യാപകമായി ഉപയോഗിക്കുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ)<br>&<br>(ബി) | കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ വിപണിയിലെ പച്ചക്കറികളിൽ നടത്തിയ അവശിഷ്ട വിഷാംശ പരിശോധനയിൽ കീടനാശിനി അംശം കണ്ടെത്തിയ സാഹചര്യത്തിൽ ഈ സർക്കാർ അധികാരം ഏറ്റെടുത്ത ഉടൻ തന്നെ കർഷകർ അനധികൃതമായി കീടനാശിനികൾ വാങ്ങുന്നതും കൃഷിയിടങ്ങളിൽ കീടനാശിനികൾ ശുപാർശ ചെയ്യുന്ന രീതിയിലല്ലാതെ ഉപയോഗിക്കുന്നതും പൂർണ്ണമായും നിയന്ത്രിക്കുന്നതിനു വേണ്ടി കൃഷി ഡയറക്ടറുടെ 03/01/2019-ലെ ടി.ക്യൂ .22908/17 നം സർക്കുലർ പ്രകാരം കീടനാശിനികളുടെ വിതരണവും , വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ കർഷകൻ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>കൃഷി ഡയറക്ടറുടെ 3/1/2019-ലെ ടി.ക്യൂ.22908/2017 എന്ന സർക്കുലർ പ്രകാരം കീടനാശിനികൾ കൃഷി ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം വിതരണം നടത്താൻ ഡിപ്പോകൾക്ക് നിർദ്ദേശം നൽകുകയും കർഷകർക്ക് ഇതു സംബന്ധിച്ച ബോധവൽക്കരണം ക്ലാസ്സുകളും സംഘടിപ്പിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br><br>പൊതു ജനാരോഗ്യത്തിനും പൊതു ആവാസ വ്യവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും ഹാനികരമായ കീടനാശിനികളുടെ അമിതോപയോഗം തടയുന്നതിന് വേണ്ടി, '' കീടനാശിനി ഉപയോഗം നിയന്ത്രിക്കു, സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തു''. എന്ന |

സന്ദേശം കർഷകരിലും പൊതു ജനങ്ങളിലും എത്തിക്കുന്നതിനായി 2019 ജനുവരി 21 മുതൽ 31 വരെ ക്യാമ്പയിൽ നടത്തിയിട്ടുണ്ട്.

(സി) സർക്കാർ മേഖലയിലുള്ള കൃഷിയിടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും കീടനാശിനി തളിക്കുന്ന തൊഴിലാളികൾ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; ഇത് ലംഘിക്കുന്നവർക്ക് തക്കതായ ശിക്ഷ നൽകി കീടനാശിനി, കുമിൾനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, കൃത്യതയും, സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി) കൃഷി ഡയറക്ടറുടെ 29/1/2019-ലെ ടി.ക്യൂ (1)2001/2019, പ്രകാരം ഓരോ കൃഷി ഭവൻ പരിധിയിൽ വരുന്ന രാസവളം / കീടനാശിനി പ്രയോഗത്തിലേർപ്പെടുന്ന എല്ലാം കർഷകത്തൊഴിലാളികളുടേയും പേര് രജിസ്റ്റർ ചെയ്തിരിക്കണമെന്നും, ഇപ്രകാരം രജിസ്റ്റർ ചെയ്ത കർഷകതൊഴിലാളികൾക്ക് ഏകദിന ബോധവൽക്കരണ പരിപാടിയും ആരോഗ്യവകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പും ഫെബ്രുവരി 25 നകം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കർഷക തൊഴിലാളികൾക്ക് പകരം വിശാലമായ പാടശേഖരങ്ങളിൽ സൂക്ഷ്മ മൂലകങ്ങൾ വളം,കീടനാശിനി മുതലായവ ഡ്രോൺ ഉപയോഗിച്ച്കൊണ്ട് പ്രയോഗിക്കുന്ന പൈലറ്റ് പ്രോജക്ട് കോട്ടയം ജില്ലയിലെ പാടശേഖരങ്ങളിൽ പരിക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത് വിജയം കണ്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്തുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**